**സ്വീയം വാക്യമൃതം കർത്തുമവതീർണ്ണോ*f*സി മേ ഗൃഹേ**
**ചികീർഷുർഭഗവാൻ ജ്ഞാനം ഭക്താനാം മാനവർദ്ധന: (3-24-30)**
**താന്യേവതേ*f*ഭിരൂപാണി രൂപാണി ഭഗവംസ്തവ**
**യാനി യാനി ച രോചന്തേ സ്വജനാനാമരൂപിണ: (3-24-31)**

മൈത്രേയൻ തുടർന്നു:
കർദ്ദമൻ ഭഗവദനുഗ്രഹത്തെപ്പറ്റി ഓർത്തിട്ട് ദേവഹൂതിയോട് അവളുടെ ആഗ്രഹം സഫലമാകും എന്നു പറഞ്ഞു. ഭഗവാൻ സ്വയം പുത്രനായി ജനിക്കും എന്നാണല്ലോ പറഞ്ഞിട്ടുള്ളത്. ദേവഹൂതി, തന്റെ സർവ്വസ്വവും ഭഗവാനിലർപ്പിച്ചു കഴിഞ്ഞു പോന്നു. പിന്നെയും കുറേക്കാലംകഴിഞ്ഞ് ഭഗവാൻ സ്വയം കർദ്ദമന്റെ ഊർജ്ജമായി ദേവഹൂതിയിൽക്കൂടി പുറത്തുവന്നു. വിറകുതടിയിൽ ലീനമായിരിക്കുന്ന തീ പുറത്തുവരുന്നതു പോലെ. ദേവതകൾപോലും ഭഗവൽജനനത്തെ വാഴ്ത്തി. സൃഷ്ടാവുതന്നെ കുട്ടിക്ക് കപിലൻ എന്നു പേരിട്ടു. ബ്രഹ്മാവിന്റെ നിർദ്ദേശമനുസരിച്ച് കർദ്ദമൻ തന്റെ ഒൻപത് പുത്രിമാരെ ഒൻപതു മഹർഷിമാർക്ക് വിവാഹംചെയ്തു കൊടുത്തു. കലയെ മരീചിക്കും. അനസൂയയെ അത്രിക്കും. ശ്രദ്ധയെ അംഗിരസ്സിനും. ഹവിർഭുവിനെ പുലസ്ത്യനും. ഗതിയെ പുലഹനും. ക്രിയയെ കൃതുവിനും. ഖ്യാതിയെ ഭൃഗുവിനും. അരുന്ധതിയെ വസിഷ്ടനും. ശാന്തിയെ അഥർവ്വനും വിവാഹം കഴിച്ചു. അവരെല്ലാം സ്വഗൃഹങ്ങളിലേക്ക് പോവുകയും ചെയ്തു.

ഭഗവാൻസ്വയം സ്വപുത്രനായി പിറന്ന കപിലനോട് കർദ്ദമമുനി ഇപ്രകാരം പറഞ്ഞു: "പലേ ജന്മങ്ങളിലെ ഭക്തിസാധനകളിലൂടെ മാത്രമേ അങ്ങയെ സാക്ഷാത്കരിക്കാൻ സാധകർക്ക് സാധിക്കൂ. പരിപൂർണ്ണമായി പവിത്രമാവാതെ ദുഷ്ടബുദ്ധികൾക്ക് ഇത് സാദ്ധ്യമാവുകയില്ല തന്നെ. എങ്കിലും അങ്ങയുടെ കാരുണ്യവും മഹിമയും അപാരം. അല്ലെങ്കിൽ എന്നെപ്പോലുള്ള ഒരു സാധാരണക്കാരന്റെ വീട്ടിൽവന്നു ജനിക്കുമോ? സർവ്വസാധാരണമായ നിരൂപണത്തെപോലും അവഗണിച്ച് ഇവിടെ അവതരിച്ചിരിക്കുന്നത് അവിടുത്തെ പരമകാരുണ്യം തന്നെയാണ്. ആത്മവിദ്യാപരമായ അറിവ് പ്രചരിപ്പിക്കാൻ സ്വയമവതരിച്ച് ഭക്തജനങ്ങളുടെ മഹിമ ലോകത്തെ അറിയിക്കാൻവേണ്ടിയാണല്ലോ അവിടുന്നങ്ങിനെ ചെയ്തത്. അങ്ങ് എല്ലാ രൂപഭാവങ്ങൾക്കും അതീതനാണെന്ന് ഞാൻ അറിയുന്നു. എങ്കിലും ഭക്തജനങ്ങൾക്കിഷ്ടമാവുന്ന രൂപങ്ങളെ സ്വീകരിക്കാൻ അങ്ങ് തയ്യാറുമാണ്. സർവ്വചരാചരങ്ങളുടെയും ബോധമണ്ഡലത്തെ നിയന്ത്രിക്കുന്നതും, അവയെ സൃഷ്ടിച്ച്, സംരക്ഷിച്ച്, സംഹരിച്ച്, പഞ്ചഭൂതങ്ങളേയും കാലത്തേയും നിയന്ത്രിച്ച്, വിശ്വബോധത്തിന്റെ നിയന്താവായും, പരമാത്മസ്വരൂപനായും നിലകൊള്ളുന്ന കപിലനെ ഞാൻ അഭയം പ്രാപിക്കുന്നു. എന്റെ പിതാവായ ബ്രഹ്മദേവനു ഞാൻ നൽകിയ വാഗ്ദാനപ്രകാരം എന്റെ എല്ലാ ആഗ്രഹങ്ങളും നിന്നിൽ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇനി ഈ ലൗകികജീവിതം ഉപേക്ഷിച്ച് പൂർണ്ണമായും സന്യസിക്കാൻ അനുമതിയേകിയാലും. "

കപിലനായി അവതരിച്ച ഭഗവാൻ പറഞ്ഞു: "ആത്മവിദ്യാചരണത്തിനാണീ അവതാരത്തിൽ ഞാൻ വന്നിട്ടുള്ളത്. ഗൃഹസ്ഥാശ്രമത്തിൽനിന്നും വിട്ടുപോകാൻ ഞാൻ അനുമതി നൽകുന്നു. എന്നിലുള്ള ഭക്തിയാലും പ്രവൃത്തികളാലും മരണത്തിൽനിന്നും അങ്ങു വിമുക്തനത്രെ. ഹൃദയം എന്നിൽ ലീനമായതിനാൽ ദു:ഖത്തിൽനിന്നും ഭയത്തിൽനിന്നും മുക്തിയും ഉണ്ടാകട്ടെ." എന്നുപറഞ്ഞ് സ്വപുത്രരൂപത്തിൽ ഭഗവാൻ മുനിയെ അനുഗ്രഹിച്ചു. കർദ്ദമൻ ഗൃഹംവിട്ട് മനസ്സുമുഴുവൻ ഭഗവാനിലർപ്പിച്ച് ആത്മസാക്ഷാത്കാരം നേടി. പരമാത്മാവിൽ നിന്നും സ്വയം വിഭിന്നമല്ലെന്നും സർവ്വചരാചരങ്ങളിലെ ആത്മാവും ഒന്നാണെന്നും അദ്ദേഹം കണ്ടു. അങ്ങിനെ ജനനമരണചക്രങ്ങളിൽ നിന്നും കർദ്ദമൻ എന്നെന്നേക്കുമായി മുക്തി നേടി.